നബാർഡ് 44,02,54,390 രൂപ

ചെറുകിട സമ്പാദ്യം

1579517 1419 രൂപ

പബ്ളിക് അക്കൗണ്ട്സ് ((31.3.98ൽ)

1637,33,43,477 രൂപ

8 (1457) 1997-98 സാമ്പത്തികവർഷത്തെ ബഡ്ജറ്റ്

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-1998 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ച തിനേക്കാൾ അധികമോ കുറവോ ആയ തുകയാണോ സെയിൽസ് ടാക്സ്, കാർഷികനികുതി എന്നീ ഇനത്തിൽ ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) കുറവാണെങ്കിൽ കാരണം എന്താണെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) 1997-1998 സാമ്പത്തികവർഷത്തിൽ സെയിൽസ്ടാക്സ് ഇന ത്തിലും കാർഷികാദായ നികുതിയിനത്തിൽ പ്രതീക്ഷിച്ചതിനേക്കാൾ കുറ വായ തുകയാണ് പിരിഞ്ഞുകിട്ടിയത്.

(ബി) റബ്ബറിന്റെ വിലയിടിവ്, വിപണിയിലെ മാന്ദ്യം, കെട്ടിടനിർമ്മാ ണമേഖലയിലെ മുരടിപ്പ്, മോട്ടോർവാഹനങ്ങൾ, ടയറുകൾ തുടങ്ങിയവയുടെ വില്പനക്കുറവ് മുതലായ കാരണങ്ങളാൽ ലക്ഷ്യമിട്ടിരുന്ന തുക മുഴുവനും ലഭിക്കുകയുണ്ടായില്ല.

9 (1458). സംസ്ഥാനത്തിന്റെ കടബാദ്ധ്യത

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 മാർച്ച് 31 ന് സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത എത്ര രൂപയായിരുന്നു;

(ബി) 1996 മാർച്ച് 31 ന് സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായി രുന്നു;

(സി) 1999 മാർച്ച് 31 ന് സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായി രിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

ഉത്തരം

(എ) 14471.88 കോടി രൂപ

(ബി) 10668.95 കോടി രൂപ

(സി) അക്കൗണ്ടന്റ് ജനറലിൽ നിന്നും ഈ കാലയളവിലെ കണക്കു കൾ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly